



## അക്കാദമിക മാസ്റ്റർപ്ലാൻ

# മുന്നോട്ട്



സ്വപ്നം കാണുക
ആ സ്വപ്നത്തെക്കുറിച്ച് ചിന്തിക്കുക
ആ ചിന്തകളെ
പ്രവൃത്തിയിലൂടെ സഫലമാക്കുക

**A P J ABDUL KALAM**

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | പി.വി.കെ.എൻ.എസ്.ജി എൽ.പി. സ്കൂൾ, ചവനപ്പുഴ |
| വിലാസം | : | കരിമ്പം, പന്നിയൂർ (പി.ഒ.) പിൻ 670142 |
| ഫോൺ | : | 04602200013 |
| സ്കൂൾ കോഡ് | : | 13705 |
| സ്ഥാപിതം | : | 1912 |
| വിദ്യഭ്യാസ ഉപജില്ല | : | തളിപ്പറമ്പ് നോർത്ത് |
| വിദ്യഭ്യാസ ജില്ല | : | തളിപ്പറമ്പ് |
| റവന്യൂ ജില്ല | : | കണ്ണൂർ |
| ബി. ആർ. സി | : | തളിപ്പറമ്പ് |
| സി. ആർ. സി | : | പനക്കാട് |
| ഗ്രാമ പഞ്ചായത്ത് | : | കുറുമാത്തൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | തളിപ്പറമ്പ് |
| ജില്ലാ പഞ്ചായത്ത് | : | കണ്ണൂർ |
| താലൂക്ക് | : | തളിപ്പറമ്പ് |
| വില്ലേജ് | : | പന്നിയൂർ |
| ഇ-മെയിൽ | : | pvknsglps@gmail.com |

## പൊതു ലക്ഷ്യങ്ങൾ

- സ്കൂളിലെ മുഴുവൻ വിദ്യാർഥികൾക്കും സൗജന്യവും, ഗുണമേന്മയും ഉള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
- ആധുനിക സാങ്കേതിക വിദ്യകൾ അധ്യയനത്തിൽ പ്രയോഗിക്കൽ
- പ്രാദേശിക വിഭവസാധ്യതകൾ വിദ്യാഭ്യാസത്തിനായി ഉപയോഗിക്കൽ
- ഭാഷാപരവും ഗണിതപരവും ആയ ശേഷികൾ ഉറപ്പുവരുത്തുക.
- കലാപരവും കായികപരവുമായ കഴിവുകൾ വളർത്തിക്കൊണ്ടുവരിക.
- ഇംഗ്ലീഷ് ഭാഷ, മലയാള ഭാഷം എന്നിവ കൈകാര്യം ചെയ്യാൻ കഴിവുള്ളവരാക്കുക.
- പ്ലാസ്റ്റിക് വിമുക്ത ഹരിതവിദ്യാലയം സൃഷ്ടിക്കുക.
- പഠനത്തോടൊപ്പം മാനുഷികമൂല്യങ്ങൾ വളർത്തിയെടുക്കുക.
- പൊതുപരീക്ഷകൾ, മറ്റു മത്സരപ്പരീക്ഷകൾ എന്നിവയിൽ ഉന്നതവിജയം നേടാൻ പ്രാപ്തരാക്കുക.
- രക്ഷിതാക്കളെ 'ഗുണമേന്മ വിദ്യാഭ്യാസ'ത്തെക്കുറിച്ച് ബോധവാന്മാരാക്കുക.
- സ്കൂളിലേക്ക് പരമാവധി കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ ഉള്ള പഠനാന്തരീക്ഷം ഉണ്ടാക്കുക.
- ജൈവവൈവിധ്യപാർക്കിലൂടെ കുട്ടികളെ പ്രകൃതിസംരക്ഷകരാക്കുക
- സാമൂഹ്യബോധമുള്ള തലമുറയെ ഉണ്ടാക്കുക
- കരാട്ടെ, യോഗ തുടങ്ങിയവയിൽ കുട്ടികളെ പ്രാപ്തരാക്കുക.
- ഗണിതപരമായ പ്രായോഗിക പ്രശ്നങ്ങൾ, ചതുഷ്ക്രിയകൾ എന്നിവ അനായാസം കൈകാര്യം ചെയ്യാൻ കഴിവുള്ളവരാക്കുക.
- വിദ്യാലയ പ്രവർത്തനങ്ങളിൽ പരമാവധി സാമൂഹികപങ്കാളിത്തം ഉണ്ടാക്കുക.
- പാർശ്വവർക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കുക.
- പോഷക സമൃദ്ധമായ ഭക്ഷണം കുട്ടികൾക്ക് ഉറപ്പാക്കുക.
- പാഴ്വസ്തുക്കളിൽ നിന്നുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ കഴിവുള്ളവരാക്കുക
- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കുക.
- എല്ലാവർക്കും തുല്യനീതി ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളും, സംവിധാനങ്ങളും ഉണ്ടാക്കുക.
- ദേശീയ ബോധം, രാഷ്ട്രബോധം എന്നിവ വളർത്തുക.

## അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- ഭാഷാശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ഗണിത ശേഷിവികസനം
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ദിനാചരണങ്ങൾ
- ശാസ്ത്രപോഷണി പരിപാടി
- പൊതുവിജ്ഞാന വികസന പ്രവർത്തനങ്ങൾ
- പഠനയാത്രകൾ
- ബോധവൽക്കരണ ക്ലാസുകൾ
- ജൈവവൈവിധ്യ പാർക്ക്
- പ്രവൃത്തി പരിചയ പഠനം
- കലാ-കായിക മേളകൾ
- ശാസ്ത്രോത്സവം
- അധ്യാപക ശാക്തീകരണ പരിപാടികൾ
- പോഷകാഹാര പരിപാടി
- ഐ.ടി. പരിശീലനം
- ക്യാമ്പുകൾ
- പതിപ്പുകൾ തയ്യാറാക്കൽ
- മൂല്യനിർണയങ്ങൾ, ക്ലാസ് പിടിഎ
- എസ്.ആർ.ജി. ശാക്തീകരണം
- ഒന്നാംക്ലാസ് ഒന്നാംതരം

### അടിസ്ഥാന ശേഷി വികസനം

**മലയാളം – ദീർഘകാല ലക്ഷ്യങ്ങൾ:**

- ഓരോ കുട്ടിയും അവൻ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരത്തിനനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.
- സർഗാത്മക പ്രവർത്തനങ്ങളിൽ പ്രാപ്തരാക്കുക

# അക്കാദമിക മാസ്റ്റർ പ്ലാൻ

STD-1

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിച്ചതും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തലുകളും വരുത്തിയിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, കഥോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാലയങ്ങളിലെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് കുഞ്ഞെഴുത്തുകൾ എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായിത്തീരുകയും ഉപയോഗിച്ചിട്ടുള്ള ഭാഷയുടെ ആശയങ്ങൾ എഴുതിപ്രകടിപ്പിക്കാൻ കഴിവ് നേടിയതിലൂടെയും വിജയകരമായിരുന്നു. വർഷാവസാനം നടത്തിയ പഠനോത്സവം, വാർഷിക പരീക്ഷയിലും കുട്ടികൾ ചോദ്യം നന്നായി വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാ ശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും അനുയോജ്യമായ പ്രവർത്തനം ആവശ്യമാണ്. അവധിക്കാല കാർഡുകൾ തയ്യാറാക്കുന്നത് ഇതിന് വേണ്ടിയാണ്.

## ഈ ട്രൈഔട്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ.

1. പൂർണ്ണ പങ്കാളിത്തമുള്ള ഒന്നാം ക്ലാസ് പി.ടി.എ. ഉണ്ടാക്കുക.
2. എല്ലാ കുട്ടികൾക്കും പ്രകടനത്തിന് അവസരം സൃഷ്ടിക്കുക.
3. രക്ഷിതാവ് കുട്ടിക്ക് താല്പര്യമുള്ള കഥ വായിച്ചു കേൾപ്പിക്കുന്ന വായനാനുഭവം സൃഷ്ടിക്കുക.
4. വായിച്ചു കേട്ട കഥ ക്ലാസിൽ അവതരിപ്പിക്കുന്നതിലൂടെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥയുടെ എല്ലാ ദിവസവും ഇത്തരം ക്ലാസിൽ നടത്തുക.
5. ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനാകാർഡുകളുടെ വായന (വീട്ടിലും ക്ലാസിലും)
6. എല്ലാ കുട്ടികൾക്കും പഠനം ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാതെ പഠനത്തിൽ വന്ന് അവരുടെ നേട്ടങ്ങൾ നേടാനും സാധ്യമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക.
7. ഒന്നാം ക്ലാസിന്റെ പഠനമികവിനെ ഉയർത്തിക്കാട്ടുക.

# ജൂൺ മാസ പ്രവർത്തനങ്ങൾ

1. പൂർണ്ണ പങ്കാളിത്ത ക്ലാസ് പി.ടി.എ.
2. വായനോത്സവവും കഥ ചൊല്ലലും.
3. ഒന്നൊരുക്കം (സന്നദ്ധപ്രവർത്തനങ്ങൾ)
4. വായനാ കാർഡുകൾ
5. സംയുക്ത വിലയിരുത്തൽ.

ഓരോ പ്രവർത്തനത്തിന്റെയും ലക്ഷ്യങ്ങളും ഉപപ്രവർത്തനങ്ങളും വിശദാംശങ്ങളും തുടർന്ന് നൽകുന്നു.

# ഗണിതം

## ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്നിട്ട് പോകാതെ മുന്നോട്ടായതിൽ എത്തിക്കുന്നതിന് അതിപ്രധാനമാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ നൽകേണ്ടതാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ ഉച്ചരിക്കുന്നു. എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ ചിത്രങ്ങളുള്ള കൂട്ടങ്ങൾ, മുത്ത് എന്നിവയെ നിരീക്ഷിക്കുന്നു.
- അഞ്ചു വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റ സംഖ്യകൾ എണ്ണി പറയുന്നു, എഴുതുന്നു, വായിക്കുന്നു.

• ഒന്നിൽ കൂടുതൽ അക്കങ്ങളുള്ള വലിയ സംഖ്യ-കളിൽ ഒരു സംഖ്യയോട് ഒന്നു കൂട്ടിയാൽ കിട്ടുന്ന വലിയ സംഖ്യ കിട്ടും എന്ന് മനസ്സിലാക്കുന്നു.

• സംഖ്യകളെ ആരോഹണ- അവരോഹണ ക്രമ-ത്തിൽ എഴുതുന്നു.

• മൂന്ന് അക്ക സംഖ്യകളുടെ സങ്കലനം

• നാല് അക്ക സംഖ്യകളുടെ വ്യവകലനം.

• അഞ്ചക്ക സംഖ്യകളുടെ വ്യാഖ്യാനം.

• ഒരു ലക്ഷം വരെയുള്ള സംഖ്യകൾ എഴുതു-കയും ഉച്ചരിക്കുകയും വായിക്കുകയും ചെയ്യുന്നു.

• അഞ്ചക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ.

• അഞ്ചക്ക സംഖ്യകളും നാലക്ക സംഖ്യകളും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

• സംഖ്യകൾ വിഭജിക്കുന്നു. പറയുന്നു.

• സംഖ്യാ കാർഡ് നിർമ്മിക്കൽ.

## ജൂലൈ

• ഗണിത പഠനത്തിന് സഹായകമായ ചുറ്റുപാടിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു.

• സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ
- ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ.
- ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്നു കൂട്ടിയാൽ തൊട്ടടുത്ത സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ'

## ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
- ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ.

## നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു. ശേഖരിക്കുന്നു.
- ഒറ്റ സംഖ്യകളും ഇരട്ട സംഖ്യകളും കണ്ടെത്തുന്ന തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ.
- ഗണിത ശാസ്ത്ര ക്യാമ്പുകൾ.

## ജനുവരി

- ഒറ്റസംഖ്യകളും ഇരട്ടസംഖ്യകളും കണ്ടെത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്ന് മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

- ഗണിത ശാസ്ത്രം പി.ടി.എ.യിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക പ്രശ്നവിശകലനത്തിൽ ഏർപ്പെടുന്നു.

## മാർച്ച്

- ഗണിതവുമായി ബന്ധപ്പെട്ട് വർക്ക്ഷീറ്റുകൾ ചെയ്യുന്നു.
- ലളിതമായ ഗണിതകളികളിൽ ഏർപ്പെടുന്നു.

ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ.

- സംഖ്യകളുടെ ചാർട്ട്, കാർഡ് എന്നിവ നിർമ്മിക്കുന്നു

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ആഹാര ശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | ഭക്ഷ്യമേള - പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിയും | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | പൂന്തോട്ടനിർമ്മാണം, ഔഷധത്തോട്ടം ചുറ്റുവട്ടത്തെ | നവംബർ ജനുവരി | SRG SMC | |

# English

## Introduction

The goal is for the first grader to handle English fluently. The first grader must go from small word to big word. must be able to read, write and speak English with it. No child should be able to speak English fluently like malayalam. we have to keep our world language English, close to our hearts.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes:-

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with

them Rhythm and action.

- Familiarise the names of birds, animals, their young ones and identifies them

## June

- Introduce simple words
- Provides picture cards.

## July

- Identify familiar words.
- Say familiar words
- Read familiar words
- Write familiar words.

## August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives

## September

- Read and write simple sentences
- Provides picture cards and reading cards.

## October

- Introduce symbol picture descriptions.
- make word chain, sentence chain.
- make riddles.
- Describing words, rhyming words.
- Text book activities.

## November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

## December

- Read and understand simple instructions in the classroom.
- Encourage digital reading.

# ACADEMIC MASTER PLAN 2025-2026
# P V K N S G L PS CHAVANAPUZHA
# STD 2
## മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

**പ്രവർത്തന ലക്ഷ്യങ്ങൾ**

✍✍✍✍✍✍

✨ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.

✨ ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്സിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

✨ വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

✨ ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

✨ ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

**മുന്നൊരുക്കം**

✍✍✍✍✍

✨ പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

✨ കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

**പ്രവർത്തന ലക്ഷ്യം**

💫💫💫💫💫💫💫💫

💮 രണ്ടാം ക്ലാസിലെ ഓരോ കുട്ടികും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ജൂൺ✨

ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

• വായനാ സാമഗ്രികൾ നിർമിക്കൽ

വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✨ ജൂലൈ ✨

ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.

സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

വീട്ടു ലൈബ്രറി ഒരുക്കൽ

ചിത്ര വിവരണം

വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

🍃🍃🍃🍃

വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

ഒക്ടോബർ

✨✨✨✨✨

➢ കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

➢ വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

നവംബർ

✨✨✨

🍃 കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ ക്രവിതാ പൂരണം)
- ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ച എന്നുള്ളത് ഉറപ്പ് വരുത്തൽ ഭ്രാഷണം, ലേഖനം, എഴുത്ത് )
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
- ഇൻലൻ്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.
- വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

## ENGLISH

Aim . : To speak, Read, & write English without any mistakes
Time - June ,July, August
June
Pretest
To develop listening skills & reading skills first
Listening skills
Games, Action songs Hello English activities,2 conversations, skit stories
Use ICT
Speaking skills
Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

July & August
Reading skills
News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

# അക്കാദമിക മാസ്റ്റർപ്ലാൻ

ക്ലാസ് - 3

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

### ലക്ഷ്യങ്ങൾ

* സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കാം, അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കാം.
* കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കാം.
* രചനകൾ ഭാവാത്മകമായി വായിക്കാം.
* ലളിതമായ സർഗാത്മക രചനകൾ നടത്തും.
* കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കാം.
* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ വരച്ചാവിഷ്കരിക്കാം.

ജൂൺ - ജൂലൈ

1. കനകച്ചിലങ്ക

* നാടൻപാട്ടുകൾ, ശേഖരണം (വായ്ത്താരികൾ)
* പഴഞ്ചൊല്ലുകൾ ശേഖരണം.
* കഥാശേഖരണം.
* കഥോത്സവം
* കടങ്കഥകൾ ശേഖരണം

* കലയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം.
* അഭിമുഖ സംഭാഷണം.
* കലാരൂപങ്ങൾ വേഷവിധാനം - ചിത്രശേഖരണം, ആൽബം
* പാവനാടകത്തെ അടുത്തറിയാം. ശില്പശാല.

ആഗസ്റ്റ് - സെപ്റ്റംബർ

2. പലഹാരപ്പൊതി.

* കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ.
* ക്ലാസ് ലൈബ്രറിയിലെ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കൽ.
* നാടക ശില്പശാല
* റോൾപ്ലേ അവതരണം.
* ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ തയ്യാറാക്കൽ.
* പലഹാരമേള.
* കളികൾ മാതൃകകൾ
* ഹരിതകർമ്മസേന അംഗങ്ങളുമായി അഭിമുഖം.
* സി.പി.ടി.എ ഒന്നാം ശിശുവുത്സവം.

നാടോടികഥകളുടെ അവതരണം
നാടൻപാട്ടുകളുടെ അവതരണം.
പാവനാടകം അവതരണം,

ഒക്ടോബർ

3. മനുഷ്യന്റെ കൈകൾ
* കൃഷിയിട സന്ദർശനം.
* കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം.
* കുട്ടിക്കളികൾ, കുട്ടിക്കാലത്തെ കളി അനുഭവവിവരണം.
  പതിപ്പ്
* നാടൻപാട്ട് ശില്പശാല.

# അക്കാദമിക മാസ്റ്റർ പ്ലാൻ.

## ഗണിതം.

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. കുട്ടികളുടെ താല്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും ഗണിത പഠനം ലക്ഷ്യം വയ്ക്കുന്നു.

ജൂൺ - ജൂലായ്

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിതശില്പശാല നിർമ്മിക്കേണ്ടതാണ്.

1-മുതൽ 100 വരെ എഴുതിയ ടോക്കൺ.

കളിനോട്ടുകൾ

ഓരോ നോട്ടും 10 എണ്ണം വീതം.

കമ്പ് കെട്ടുകൾ

സംഖ്യ സ്ട്രിപ്പുകൾ

അബാക്കസ് നിർമ്മാണം.

ആഗസ്റ്റ് സെപ്തംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം.

ഒക്ടോബർ

നസ്കിൽ നിർമ്മാണം

കുട്ടികളുടെ ഉയരം വണ്ണം, തൂക്കം ക്യാമ്പ്.

നവംബർ - ഡിസംബർ

ഉണ്ണന വസ്തുതാ കാർഡ് നിർമാണം.

## അക്കാദമിക മാസ്റ്റർ പ്ലാൻ

പരിസരപഠനം.

ലക്ഷ്യം.

* ശാസ്ത്രാവബോധം വളർത്തുക.

ജൂൺ - ജൂലൈ

* കണ്ടെത്താം അറിയാം.
* ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.
* കുറിപ്പ് തയ്യാറാക്കൽ.

ആഗസ്റ്റ് - സെപ്തംബർ

പ്രകൃതിവിഭവ സംരക്ഷണം -

* ജൈവ വൈവിധ്യ പാർക്ക്, തടയണ, മഴക്കുഴി നിർമാണം, ജലസ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം.

ഒക്ടോബർ - നവംബർ

ലക്ഷ്യം.

ശാസ്ത്ര പരീക്ഷണങ്ങളിൽ താല്പര്യം വളർത്താനം.

നവംബർ - ഡിസംബർ

- യാത്രാ പ്രതിഭകളെ അടുത്തറിയാം.

പരീക്ഷണം, വീട്ടിനകത്തും

പരീക്ഷണം വീട്ടിനകത്തും.

ശാസ്ത്രമാസിക.

# Academic Masterplan.

## English

Aim,

* To speak, read and write English without any mistake.
* To check vocabulary and writing skill of pupils June and July.
* To develop listening and reading skills.

Listening skills.

1. games, action songs Hello English Activities.
2. conversation, skit stories use ICT.

Speaking skills.

1. Identifying the naming word from the picture.
2. Identifying the action word from the same picture.
3. Make simple sentences using the action word and naming words about the picture.
4. Make simple description about the picture.

5 Growing sentences, picture reading, Self introduction assembly are also conducted.

Activities

Speech, Book review, Quiz, riddles, Self introduction. school radio etc.

August and September.

Develop the creative speaking and writing

Reading skill.

1. News paper reading, library book reading, book review, reading breaking news.
2. Find word
3. collect and read past tense.
4. Rhyming words.
5. describing words etc.
6. Text book Activities.

writing skills

1. Make word web.
2. picture description with describing words.

3. word chain sentence chain.
4. Make words and sentences
5. Make riddles, conversations.
6. Add more lines.

October November.

To express thought and feelings. etc.

Reading skill.

1. News paper reading, library books reading book review reading.
2. conversations, skit stories etc. use ICT Material
3. Reads breaking news.
4. Develop story.
5. Read notice.

Writing skill.

1. description.
2. notice proclamation.
3. Thought.

December January.

1. Develop the creative speaking and writing.
2. To express thoughts feelings etc.

Reading skill.

1. News paper reading
library books reading
book review, reading.
2. conversation skill, stores, use ICT Material.
3. Reads breaking news.
4. Develop story.
5. Reads diary.
6. Reads letter from friends.

writing skills.

1. diary.
2. letter.
3. Announcement.

February March.

TO improve peesentation power.

Reading skill.

1. News paper reading, library books reading, book review, reading.
2. conversation, skit stores use ICT materials
3. Read breaking news.
4. Read diary.
5. Read letters from friends.

Writing skill.

1. diary
2. letter
3. Announcement.
4. Description.
5. notice proclamation
6. Thought.

പി വി കെ എൻ എസ് ജി എൽ പി സ്കൂൾ
ചവനപ്പുഴ

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് : 4

## ആമുഖം:-

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളേയും. വിദ്യാലയ/ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2022-23 അധ്യയന വർഷത്തിൽ നാലാംതരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. പഠന പ്രവർത്തനങ്ങൾ ശിശുസൗഹാർദപരവും കൂടുതൽ ആസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| അക്ഷരസ്ഫുടതയോടെയും ഒഴുക്കോടെയും ആശയ വ്യക്തതയോടെയുമുള്ള വായന. | വായിക്കാം, എഴുതാം | * കുട്ടികൾക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന.<br>* നിശബ്ദ വായന<br>* വായനാകാർഡ് നോക്കി നോട്ട് ബുക്കിൽ എഴുതൽ<br>* നിശബ്ദ വായന<br>* ഉച്ചത്തിൽ വായന | 2 ആഴ്ച. |
| | വായിക്കാം എഴുതാം<br>തുടർപ്രവർത്തനം | * കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>* വായനകാർഡ് വായിച്ച് രക്ഷിതാവിനെ കേൾപ്പിക്കുന്നു.<br>* കുട്ടി വായിക്കുന്നതിന്റെ വീഡിയോ ഗ്രൂപ്പിലേക്ക് അയക്കുന്നു. | 2 ആഴ്ച. |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| | ആശയം പറയാം | * കുട്ടിക്ക് കഥപുസ്തകം/വായനകാർഡ് നൽകുന്നു.<br>* നിശബ്ദ വായന<br>* വായിച്ചറിഞ്ഞ ആശയം പറയൽ<br>* ആവശ്യമെങ്കിൽ ആവർത്തന വായന.<br>* കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | [illegible] |
| | ആശയം പറയാം തുടർപ്രവർത്തനം | * കുട്ടികൾക്ക് ഒരു വായനാകാർഡ് നൽകുന്നു<br>* കുട്ടി രക്ഷിതാവിനെ വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു<br>* വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞു കൊടുക്കുന്നു. | [illegible] |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | തെളിവ് |
|---|---|---|---|
| | വായിക്കാം കൂട്ടുകാരേ. | * കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>* നിശബ്ദ വായന<br>* ഉച്ചത്തിൽ വായന<br>* കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടു കൂടി ഉച്ചത്തിൽ വായന. | ജൂൺ<br>ജൂലൈ |
| | വായിക്കാം കൂട്ടുകാരേ തുടർപ്രവർത്തനം | * കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>* കുട്ടി രക്ഷിതാവിനെ വായനാകാർഡ് വായിച്ചു കേൾപ്പിക്കുന്നു<br>* കുട്ടി വായിക്കുന്നതിന്റെ വീഡിയോ അയച്ചു തരുന്നു. | |
| | വായിക്കാം അഭിപ്രായം പറയാം. | * കുട്ടികൾക്ക് കഥ കാർഡ് നൽകുന്നു.<br>* വായിച്ച് അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>* കഥാപാത്രങ്ങളെക്കുറിച്ചും, കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നൽകുന്നു | |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ്. |
| --- | --- | --- | --- |
| | ക്ലാസ്റൂം ലൈബ്രറി | * ക്ലാസ്റൂം ലൈബ്രറി ഒരുക്കുന്നു.<br>* ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു.<br>* പുസ്തക വിതരണം<br>* വായന, വായനാനുഭവം, പങ്കുവെയ്ക്കൽ. | |
| കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം എഴുതാം | * കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം നൽകുന്നു.<br>* കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം നൽകുന്നു.<br>* അധ്യാപികയുടെ ഇടപെടൽ<br>* മെച്ചപ്പെടുത്തി എഴുതൽ. | 2 ആഴ്ച. |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| | കഥ കാണാം എഴുതാം തുടർപ്രവർത്തനം. | * രക്ഷിതാവിനെ കുട്ടി കഥ വായിച്ച് കേൾപ്പിച്ചു കൊടുക്കുന്നു.<br>* കുട്ടി വായിക്കുന്നതിന്റെ ഓഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | ചിത്രത്തിലെന്തെല്ലാം. | * കുട്ടിക്ക് ചിത്രം നിരീക്ഷിക്കാനവസരം നൽകുന്നു.<br>* കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി ഒരു വിവരണം എഴുതുന്നു.<br>* അധ്യാപികയുടെ ഇടപെടൽ.<br>* രചന മെച്ചപ്പെടുത്തൽ. | |
| | എന്തെല്ലാം കാഴ്ചകൾ. | * കുട്ടി രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പെഴുതാൻ ആവശ്യപ്പെടുന്നു.<br>* എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ/ വീഡിയോ അയക്കുന്നു. | |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| | കവിത പൂർത്തിയാക്കാം, പാടി അവതരിപ്പിക്കാം | * കവിത പൂർത്തിയാക്കാൻ അവസരം<br>* കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു.<br>* കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു.<br>ഉദാ: വിത്തുപുസ്തക പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?<br>വിത്തുപുസ്ത പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?<br>നാട്ടുമാവു പൂത്തുലഞ്ഞ വാർത്തയുണ്ടല്ലോ.<br>വിത്തുപുസ്ത പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?<br>മാഞ്ചുവട്ടിൽ മാങ്ങ വീണ വാർത്തയുണ്ടല്ലോ.<br>- - - - - - - - - - | ജൂലൈ സെപ്റ്റംബർ. |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ്. |
|---|---|---|---|
| | | കുട്ടി എഴുതിയ കവിത പാടി അവതരിപ്പിക്കുന്നു. | |
| | സർഗ്ഗാത്മക രചന. | * കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം<br>* കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ/ നിർദ്ദേശങ്ങൾ നൽകുന്നു.<br>* കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു.<br>* കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | ജൂലൈ ഒക്ടോബർ |
| | ക്ലാസ് റൂം ലൈബ്രറി | വായനാക്കുറിച്ച് | ഓഗസ്റ്റ്- മാർച്ച്. |

# പരിസരപഠനം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. | പ്രകൃതിനടത്തം | * ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>* പ്രത്യേകതകൾ മനസിലാക്കാം.<br>* വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>* ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച.<br>* നമുക്ക് ചുറ്റുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം തിരുത്താം.<br>* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസിലാക്കാം<br>* തെറ്റും ശരിയും ചർച്ച ചെയ്യാം. | ജൂൺ-ഒക്ടോബർ |

| പഠനനേട്ടം | പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| | പൂന്തോട്ടം ഒരുക്കാം | * സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>* വീട്ടിൽ പൂന്തോട്ടം ഒരുക്കാം | ജൂൺ-മാർച്ച്. |
| | ഒരു തൈ നടാം | * പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ<br>* നട്ട വൃക്ഷത്തൈ പരിപാലിക്കൽ. | ജൂൺ-മാർച്ച്. |
| | പോസ്റ്റർ നിർമ്മാണം. | * പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>* പരിസരങ്ങളിൽ പതിക്കൽ | ജൂൺ. |
| | ദാഹജലം | * പൂന്തോട്ടത്തിൽ വേനൽക്കാലത്ത് ജീവികൾക്ക് ദാഹജലം സജ്ജീകരിക്കാം. | ജനുവരി-മെയ്. |
| വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും. | ദിനകൃത്യങ്ങൾ. | * ഓരോ ദിനവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞ സ്കൂളിൽ വരുന്നു എന്ന ബോധം ക്ലാസ് ചർച്ചയിലൂടെ ഉറപ്പിക്കുന്നു. | ജൂൺ-മാർച്ച്. |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ്. |
|---|---|---|---|
| | നമ്പർവൺ. | * ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>* വ്യക്തി ശുചിത്വം, ക്ലാസ്റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ- മാർച്ച്. |
| | പരിസരശുചിത്വം | * നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം<br>* മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം<br>* പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | |
| | നല്ല ശീലം | * പോസ്റ്ററുകൾ തയ്യാറാക്കാം<br>* പരിസരങ്ങളിൽ പതിക്കാം. | |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക. | ഫീൽഡ് ട്രിപ്പ് | * നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്, കുന്ന് etc) | ജനുവരി-മാർച്ച്. |
| | പരീക്ഷണങ്ങൾ | * ശാസ്ത്ര കൗതുകങ്ങൾ ഉണർത്തുന്ന പരീക്ഷണങ്ങൾ അവർ ചെയ്യുന്നു. | ഡിസംബർ-ഫെബ്രുവരി |
| | ശാസ്ത്രജ്ഞരോടൊപ്പം | * ക്യാമ്പ്<br>* മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു | ജനുവരി-മാർച്ച്. |
| | പക്ഷിനിരീക്ഷണം | * ക്യാമ്പ്<br>* പക്ഷിനിരീക്ഷണത്തിന് അവസരം | ജനുവരി-മാർച്ച്. |

# ENGLISH

| LEARNING OUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
|---|---|---|---|
| Decribe the Picture | Picture discription | * The teacher shows a picture<br>* Discussion<br>* The children talk about the picture<br>Show learners.<br>Gives opportunities to express their idea in Malayalam | June to August. |
| Arrange the word in alphabetic order. | Dictonary. | * Introducing the dictionary<br>* Gives words<br>* Arranging words in alphabetic order. | |

| LEARNING OUTCOMES | ACTIVITIES | ACTIVITY DETAILS | DURATION |
|---|---|---|---|
| Adds more exchanges to the conversation suitable to the context | Conversation | * Reading the conversation<br>* Conversation is acting with friends.<br>* adds more exchanges to the conversation.<br>Slow learners<br>Gives opportunies to express their idea in Malayalam. | July to March. |
| Identifies rhyming words from poem | Rhyming words. | * Plays the audio of song<br>* Lets the learners sing after the audio<br>* Discussion<br>* Identify the rhyming words | July to September |
| Add lines to a poem following a set pattern | Add more lines. | * Plays the audio of song<br>* Let the learner sing after the audio<br>* Adds lines to the poem. | July to December. |

| LEARNING OUTCOMES | ACTIVITIES | ACTIVITY DETAILS | DURATION. |
|---|---|---|---|
| Read and understand the given Stories and poems. | Let's read. | * Provide the opportunity to read simple stories and poems.<br>* They tell the story they read. | December-March. |
| Makes simple riddles | Riddles. | * Gives children the opportunity to hear and answer the simple riddles.<br>* Makes simple riddles<br>Slow learners - Gives opportunity to express their idea in Malayalam. | December-March. |
| Undertakes simple project work given. | Project work | * Gives Instructions.<br>* Data collection<br>* Codifying | October-March |

# ഗണിതം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| സംഖ്യാബോധം 1–1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു. | നറുക്കെടുക്കാം. | * സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>* കിട്ടിയ സംഖ്യകൾ വായിക്കുന്നു.<br>* മറ്റുള്ളവർ ആ സംഖ്യകൾ എഴുതുന്നു. | 1 ആഴ്ച |
| | 10 ചങ്ങാതിമാർ. | * സംഖ്യ നറുക്ക് എടുക്കുന്നു.<br>* കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതുന്നു. | ജൂൺ |
| | പാറ്റേൺ പൂർത്തിയാക്കാം. | വിവിധ സംഖ്യകൾ പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ - സെപ്റ്റംബർ |

പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ്

| | | | |
|---|---|---|---|
| | ക്രമത്തിലാക്കാം | * വ്യത്യസ്ത സംഖ്യകൾ നൽകുന്നു<br>* ആരോഹണ ക്രമത്തിൽ, അവരോഹണ ക്രമത്തിൽ എഴുതുന്നു. | ജൂൺ - സെപ്റ്റംബർ |
| മൂന്നക്ക/ നാലക്കസംഖ്യയെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | * ഇഷ്ടമുള്ള ഒരു മൂന്നക്കസംഖ്യ എഴുതാം<br>* കളി നോട്ട് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കാം. | ജൂൺ. |
| | സംഖ്യാന്ത്യൻ. | * ഓരോ കുട്ടിയും ഒരു മൂന്നക്ക സംഖ്യ ബോർഡിലെഴുതുന്നു.<br>* ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിലെഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| | ക്രമീകരിക്കാം | * സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു.<br>* സംഖ്യാ കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കുന്നു. | ജൂൺ - സെപ്റ്റംബർ |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസിൽ ഒരു കട/ കച്ചവട കണക്ക്. | * കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>* ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു. ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>* കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടകളി ഒരുക്കുന്നു.<br>* കടക്കാരനും, കസ്റ്റമറും | |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
| --- | --- | --- | --- |
| | ഭാഗ്യവാനെ കണ്ടെത്താം. | * അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>* വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾ തെരഞ്ഞെടുക്കുവാൻ അവസരം നൽകുന്നു.<br>* ക്രിയകൾ ചെയ്യുന്നു.<br>* ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്തുന്നു. | ജൂലൈ-ഫെബ്രുവരി |
| | ജോഡി കണ്ടെത്താം. | * വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>* കുട്ടികൾക്ക് സംഖ്യാനറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>* ജോഡിയായിട്ടുള്ളവ കണ്ടെത്തുന്നു. | ഓഗസ്റ്റ്-ഫെബ്രുവരി |

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ്. |
|---|---|---|---|
| | | കുട്ടികൾ തന്നെ.<br>* സാധനം വാങ്ങുകയും കളിനോട്ടുകൾ കൈമാറ്റം ചെയ്യുകയും ചെയ്യുന്നു.<br>* ഗ്രൂപ്പിൽ ചർച്ച നടത്തുന്നു.<br>* പ്രയാസങ്ങൾ അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | സംഖ്യാചക്രം | * സംഖ്യാ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>* അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം. | ജൂലൈ-മാർച്ച്. |